**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3087** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ പുതിയ ബ്ലൂ ഇക്കോണമി നയം കടൽ മത്സ്യലഭ്യതയിൽ നിലവിൽ നേരിടുന്ന ക്ഷാമം കൂടുതൽ വഷളാക്കാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ മത്സ്യോല്പാദനവും ഉപഭോഗവും തമ്മിൽ നിലനിൽക്കുന്ന ഒന്നരലക്ഷം ടണ്ണിലധികം വരുന്ന അന്തരം പരിഹരിക്കുന്നതിന് തൊഴിലവസരം സൃഷ്ടിക്കുന്ന സാധ്യത കൂടി കണക്കിലെടുത്തുകൊണ്ട് ഉൾനാടൻ മത്സ്യോല്പാദന വർദ്ധനവിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യകൃഷി ജനകീയമാക്കിക്കൊണ്ട് റിസർവോയറുകൾ ഉൾപ്പെടെയുള്ള പൊതുജലാശയങ്ങളും നെൽപാടങ്ങളും സ്വകാര്യ കുളങ്ങളും പ്രയോജനപ്പെടുത്തി മത്സ്യകൃഷി വിപുലീകരിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (ബി) | നൂതന മത്സ്യകൃഷി രീതികൾ അവലംബിച്ചും മത്സ്യയിനങ്ങളിലും കൃഷി രീതിയിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയും കൂടുതൽ ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ചും മത്സ്യകൃഷിയിലൂടെയുള്ള ഉൽപ്പാദനക്ഷമത ഉയർത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഗുണനിലവാരമുള്ള മത്സ്യവിത്ത് ഉപയോഗിച്ചുകൊണ്ടും വളർച്ചയുടെ ഓരോ ഘട്ടത്തിലും പ്രോട്ടീൻ ആവശ്യകത അനുസരിച്ചുള്ള തീറ്റ നൽകികൊണ്ടും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മത്സ്യകൃഷി ജനകീയമാക്കി കൊണ്ട് റിസർവോയറുകൾ ഉൾപ്പെടെയുള്ള പൊതുജലാശയങ്ങളും നെൽപാടങ്ങളും സ്വകാര്യ കുളങ്ങളും പ്രയോജനപ്പെടുത്തി മത്സ്യകൃഷി വിപുലീകരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ-യിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, |

| | | | |
|---|---|---|---|
| | | | കക്കി റിസർവോയറു കളിൽ 16 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂട് മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. ഇതിന് പുറമേ പി.എം.എം.എസ്.വൈ-യിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (സി) | ചെമ്മീൻ മത്സ്യവിത്തുകളുടെ ആവശ്യാനുസരണമുള്ള ലഭ്യതയും അവയുടെ ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് സാധ്യമായിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ